പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3716 | 14.03.2017 ൽ മറുപടിയ്ക്ക് |
|---|---|
| **മഹിളാ/നിർഭയ മന്ദിരങ്ങളിലെ അടിസ്ഥാന സൗകര്യവികസനം** | |
| ചോദ്യം | ഉത്തരം |
| **ശ്രീ.എം.സ്വരാജ്** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) മഹിളാ/നിർഭയ മന്ദിരങ്ങളിലെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനും സുരക്ഷ കൂട്ടുന്നതിനും സ്വീകരിച്ചു വരുന്ന നടപടികൾ അറിയിക്കുമോ; | (എ)<br>**മഹിളാ മന്ദിരങ്ങൾ**<br>മഹിളാ മന്ദിരങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിന് ബന്ധപ്പെട്ട സ്ഥാപന സൂപ്രണ്ടുമാർ എസ്റ്റിമേറ്റ് സമർപ്പിക്കുന്ന മുറയ്ക്ക് സമയബന്ധിതമായി ഭരണാനുമതി നൽകി പ്രവൃത്തികൾ നിർവ്വഹിച്ചു വരുന്നു. ഇപ്രകാരം ഈ സാമ്പത്തിക വർഷം തിരുവനന്തപുരം മഹിളാമന്ദിരത്തിലെ സുരക്ഷ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായുള്ള പണികൾക്കായി 6 ലക്ഷം രൂപ, കണ്ണൂർ മഹിളാ മന്ദിരത്തിന്റെ അറ്റകുറ്റപ്പണികൾക്കായി 16.50 ലക്ഷം രൂപ എന്നിങ്ങനെ ഭരണാനുമതി നൽകുകയും ടി പ്രവൃത്തികൾ ചെയ്യുന്നതിനായി തുക പി.ഡബ്ള്യൂ.ഡി യെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്.<br>**നിർഭയ ഹോം**<br>നിർഭയ ഷെൽട്ടർ ഹോമുകളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി ഓരോ ഷെൽട്ടർ ഹോമിനും 6,85,000/- രൂപ വീതം ഷെൽട്ടർ ഹോമുകളുടെ മേൽനോട്ടം വഹിക്കുന്ന സന്നദ്ധ സംഘടനകൾക്ക് നൽകിയിട്ടുണ്ട്. കൂടാതെ ഓരോ ഷെൽട്ടർ ഹോമിൽ നിന്നും അടിസ്ഥാന സൗകര്യങ്ങൾക്കായി തുക ആവശ്യപ്പെടുന്ന മുറയ്ക്ക് അനുവദിച്ചു നൽകുന്നുണ്ട്. കോഴിക്കോട് HMDC കെട്ടിടം അറ്റകുറ്റപ്പണികൾ നടത്തി നിർഭയ ഷെൽട്ടർ ഹോമാക്കി മാറ്റുന്നതിന് 22 ലക്ഷം രൂപ അനുവദിക്കുകയും ഇലക്ട്രിക്കൽ പണികൾക്കായി 2,60,000/- രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. തൃശ്ശൂർ നിർഭയ ഷെൽട്ടർ ഹോം നിർമ്മാണത്തിന് 85 ലക്ഷം രൂപ അനുവദിക്കുകയും പെയിന്റിംഗ്, ചുറ്റുമതിൽ നിർമ്മാണം എന്നിവയ്ക്കായി 26.50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. നിർഭയയുടെ തിരുവനന്തപുരം വൺ സ്റ്റോപ്പ് സെന്ററിന്റെ നിർമ്മാണത്തിന് 37,68,927/- രൂപ അനുവദിച്ചിരുന്നുവെങ്കിലും പദ്ധതി പൂർത്തീകരിക്കുന്നതിന് ടി തുക അപര്യാപ്തമാണെന്ന് പി.ഡബ്ള്യൂ.ഡി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ടി പദ്ധതി പൂർത്തീകരിക്കുന്നതിന് ഈ സാമ്പത്തിക വർഷം 22,31,073/- രൂപയ്ക്കു കൂടി ഭരണാനുമതി നൽകിയിട്ടുണ്ട്. ടി തുകകൾ ചെലവഴിക്കുന്നതിന് പി.ഡബ്ള്യൂ.ഡി യ്ക്ക് അനുമതി നൽകിയിട്ടുണ്ട്. നിർഭയ |

| | |
|---|---|
| | ഷെൽട്ടർ ഹോമുകളുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതിനായി സി.സി.ടി.വി. ക്യാമറ വാങ്ങി സ്ഥാപിക്കാൻ ഷെൽട്ടർ ഹോമുകളുടെ മേൽനോട്ടം വഹിക്കുന്ന എല്ലാ സന്നദ്ധ സംഘടനകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) ഇവിടത്തെ അന്തേവാസികളുടെ സംരക്ഷണവും സുരക്ഷയും വകുപ്പിലെ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ യഥാസമയം പരിശോധന നടത്തി ഉറപ്പുവരുത്താറുണ്ടോ; | (ബി) & (സി) ഉണ്ട്. ജില്ലാ സാമൂഹ്യനീതി ഓഫീസർ ഉൾപ്പെട്ട സംയുക്ത പരിശോധനാ സമിതി കൃത്യമായ ഇടവേളകളിൽ മഹിളാ മന്ദിരങ്ങളിൽ പരിശോധന നടത്തുകയും പ്രവർത്തനം വിലയിരുത്തുന്നതിനായി സ്ഥാപന സൂപ്രണ്ടുമാരുടെ റിവ്യൂ മീറ്റിംഗ് നടത്തി വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. നിർഭയ സെല്ലിലെ പ്രോഗ്രാം ഓഫീസർമാർ ഒരു മാസത്തിൽ കുറഞ്ഞത് 3 ഷെൽട്ടർ ഹോമുകൾ വീതം സന്ദർശിച്ചുവരുന്നു. ഇതിനു പുറമെ അത്യാവശ്യഘട്ടങ്ങളിൽ നിർഭയ സെൽ അധികൃതർ ഷെൽട്ടർ ഹോമുകൾ സന്ദർശിക്കുകയും നിർദ്ദേശങ്ങളും സഹായങ്ങളും നൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ സാമൂഹ്യനീതി വകുപ്പിന്റെ ജില്ലാതല ഉദ്യോഗസ്ഥരും നിർഭയ ഷെൽട്ടർ ഹോമുകൾ സന്ദർശിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (സി) എങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കുമോ? | |

സെക്ഷൻ ഓഫീസർ